**സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാനുള്ള നിയമനിർമ്മാണം**

12(*72) ശ്രീ. സാജു പോൾ :

ശ്രീ. ബി. സത്യൻ :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ കേന്ദ്ര നിയമത്തിന്റെ മാതൃകയിൽ നിയമനിർമ്മാണം നടത്തുമെന്ന് 2011 മുതൽ പറഞ്ഞവണ നൽകിയ ഉറപ്പ് പാലിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(ബി) നിയമത്തിന്റെ അഭാവത്തിൽ സ്വകാര്യ ആശുപത്രികളിലെയും ലബോറട്ടറികളിലെയും ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും സേവന നിലവാരം ഉറപ്പാക്കാനും സാധിക്കാതെ പോയത് സ്വകാര്യ ആശുപത്രികൾക്കും ലബോറട്ടറികൾക്കും വൻ പുഷ്ണത്തിന് വഴിയൊരുക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ സമ്മേളനത്തിലും നിയമസഭ പരിഗണിക്കേണ്ടതായ ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതും ആയവ സഭയുടെ അംഗീകാരത്തിനായി നൽകുന്നതും നിയമസഭയുടെ കാര്യോപദേശക സമിതിയാണ്. പ്രസ്തുത സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടപ്രകാരം ഗവൺമെന്റ് ബില്ലുകളുടെ ചർച്ചയ്ക്കായി നിയമസഭ നീക്കിവയ്ക്കേണ്ട സമയം ശിപാർശ ചെയ്യുന്നു. അപ്രകാരം നിയമസഭ ചർച്ചയ്ക്ക് എടുക്കേണ്ട ബില്ലുകളുടെ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് കാര്യോപദേശക സമിതി നൽകുന്ന റിപ്പോർട്ട് പരിഗണിച്ചാണ് സഭ ബിൽ പരിഗണനയ്ക്കെടുക്കുന്നത്. സമയ കുറവുമൂലമാണ് സഭയിൽ ഈ ബിൽ ഇതുവരെ പരിഗണനയ്ക്കെടുക്കാൻ കഴിയാതെ വന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും നേഴ്സ് കേരളയുടെ ഭാഗമായി മിനിമം മെഡിക്കൽ ഓഫീസർമാർ പബ്ലിക് ഹെൽത്ത് അതോറിറ്റി എന്ന നിലയിൽ ലബോറട്ടറികൾ പരിശോധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly